9-ാം വർഷം
2026
ഏപ്രിൽ 19, ഞായർ
ഉയിർപ്പ് മൂന്നാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



സംരക്ഷകനാകാനുള്ള ക്ഷണം

പുറപ്പാട് 3:1-12, എസെക്കിയേൽ 34:20-26,
എഫേസോസ് 4:7-16, യോഹന്നാൻ 21:15-19

വേദഗ്രന്ഥം നേതാക്കൻമാരെ അടയാളപ്പെടുത്തുന്നത് ഇടയൻമാരായിട്ടാണ്. ഇസ്രയേല്യരുടെ കുലത്തൊഴിലായിരുന്നു കാലിമേയ്ക്കൽ എന്നതിനാലാകാം തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് സുപരിചിതമായ ഈ മെറ്റഫർ ഉപയോഗിച്ചിരിക്കുന്നത്. ആട്ടിൻകൂട്ടം വളരെ ദുർബലമായ ജീവികളാണ്. കൂട്ടത്തിനുനേരെ ആക്രമണമുണ്ടാകുമ്പോൾ പ്രതിരോധിക്കാൻ അവർ അശക്തരാണ്. വേട്ടക്കാരന്റെ ദംഷ്ട്രയ്ക്ക് കൂട്ടത്തിലുള്ളതിനെ വിട്ടുകൊടുത്ത് നിസഹായമായി കരയാനെ അവർക്കു കഴിയു. ആനക്കൂട്ടത്തെ പോലെ, അല്ലെങ്കിൽ കാട്ടുപോത്തിൻകൂട്ടത്തെ പോലെ പ്രതിരോധത്തിന്റെ ചെറിയ ശ്രമങ്ങൾ പോലും ആട്ടിൻകൂട്ടത്തിൽ നിന്ന് ഉണ്ടാകാറില്ല. അവരെ നയിക്കാൻ, ജീവൻകളഞ്ഞും തന്റെ ആടുകളെ സംരക്ഷിക്കാൻ അവർക്കൊരു നേതാവിനെ ആവശ്യമുണ്ട്. ആട്ടിൻകൂട്ടത്തിന്റെ നിലനിൽപ് അതിന്റെ ഇടയന്റെ കയ്യിലാണ്. ദൈവജനത്തിന്റെ നിലനിൽപും സംരക്ഷണവും അതുപോലെ തന്നെ. നമ്മുടെ നാട്ടിൽ ആടും ആട്ടിൻകൂട്ടവും അത്ര സുപരിചിതമല്ല, മിക്കവാറും തമിഴ്നാട്ടിലൂടെയുള്ള യാത്രകളിലാണ് ഇടയൻമാരെ കണ്ടുമുട്ടാറുള്ളത്. അവർ പിൻപേ നടക്കുന്നവരാണ്. നീളമേറിയ വടിയുമേന്തി വരുന്ന ഇടയനു മുൻപിൽ ആടുകൾ കൂട്ടമായി ആല ലക്ഷ്യമാക്കി പോകുന്നത് രസകരമായ കാഴ്ചയാണ്. നമ്മുടെ വണ്ടിചക്രങ്ങൾക്കടിയിലേക്ക് കുറുമ്പനായ ഒരു കുഞ്ഞാടുപോലും വന്നുകയറാതെ ആ വടികൊണ്ട് ഇടയൻ കൂട്ടത്തെ ഒതുക്കി നിർത്തും. ദൈവജനത്തിന്റെ സംരക്ഷകരാകൂ എന്നാണ് ഇന്നത്തെ വേദഭാഗങ്ങളിലൂടെ കർത്താവ് സഭയിലെ നേതാക്കൻമാരോട് ആവശ്യപ്പെടുന്നത്



തങ്കം തോമസ്

പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും വലിയ ഇടയൻമാരുടെ തിരഞ്ഞെടുപ്പാണ് ഇന്നത്തെ വേദവായനകളിൽ നമ്മുടെ വിചിന്തനത്തിനായി നൽകപ്പെടുന്നത്. മോശയും പത്രോസും. ഒരാൾ തേനും പാലും ഒഴുകുന്ന വാഗ്ദത്തനാട്ടിലേക്ക് ഇസ്രായേലിനെ നയിച്ചു. മറ്റൊരാൾ രക്ഷയുടെ വാഗ്ദാനമായ ക്രിസ്തുവിലേക്ക് പുതിയ ദൈവജനത്തെ നയിക്കുന്നു. രണ്ടു പേരുടേയും വ്യക്തിത്വവും ജീവിതവുമെല്ലാം രണ്ടു തലങ്ങളിലാണ്. ഒരാൾ രാജകൊട്ടാരത്തിൽ വളർന്നവൻ, മറ്റെയാൾ സാധാരണക്കാരിൽ സാധാരണക്കാരനായ മുക്കുവൻ, ഒരാൾ കൊലപാതകം ചെയ്ത് നാടുവിട്ട് ഓടിയവൻ, മറ്റെയാൾ ഗുരുവിനെ തള്ളിപ്പറഞ്ഞവൻ, ഒരുവൻ വിക്കൻ, മറ്റൊരുവൻ എടുത്തു ചാട്ടക്കാനും ഭീരുവും. ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൾ എത്ര വിചിത്രമാണല്ലേ.

ഇടറിയവനിൽ നിന്നും ഇടയനിലേക്കുള്ള ദൂരം

ആദ്യം നമുക്ക് പത്രോസ് ശ്ലീഹായെ കുറിച്ച് സംസാരിക്കാം. ശിമയോൻ വെള്ളം പോലെയായിരുന്നു, ഈശോ അയാളെ പത്രോസ് അഥവാ പാറായെന്ന് വിളിച്ചു. വിളിച്ചയുടനെ തന്നെ ശിമയോൻ ചങ്കുറപ്പുള്ള പത്രോസായി മാറിയില്ല, അയാൾ ആ പഴയ എടുത്തുചാട്ടക്കാരനും, ഭീരുവുമൊക്കെയായി തുടർന്നു. ശിമയോൻ ശരിക്കും പത്രോസ് ആയി മാറുന്നത് ആ തള്ളിപ്പറയലിനും ചങ്കലച്ചുള്ള കരച്ചിലിനും ഒടുവിൽ നീയെന്നെ സ്നേഹിക്കുന്നുവോ എന്ന് ഉത്ഥിതൻ ഹൃദയം മുറിയും പോലെ ചോദിച്ച ചോദ്യത്തിനും ഒടുവിലാണ്. നോക്കൂ, നമ്മുടെ ആദ്യത്തെ മാർപാപ്പായെ കർത്താവ് തിരഞ്ഞെടുത്തത്, അയാൾ സർവഗുണസമ്പന്നനായത് കൊണ്ടോ, കുറവുകളില്ലാത്തത് കൊണ്ടോ അല്ല. എല്ലാ കുറവുകൾക്കപ്പുറവും ഉള്ളിലെപ്പോഴും വറ്റാത്ത സ്നേഹത്തിന്റെ ഉറവ കൊണ്ടു നടന്നിരുന്നത് കൊണ്ടാണ്. ഈശോയെ അയാൾ അത്രയേറെ സ്നേഹിച്ചിരുന്നു. ഇടയ്ക്കെപ്പോഴോ തോന്നിയൊരു സ്വർത്ഥതയെ ചൊല്ലി ഹൃദയം നൊന്തു കരയാൻ പറ്റുന്ന ഒരു ഹൃദയം അയാൾ സൂക്ഷിച്ചിരുന്നതു കൊണ്ടാണ്.

യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അധ്യായത്തിലെ 15 മുതൽ 19 വരെയുള്ള വാക്യങ്ങളിലൂടെ കടന്നുപോകുമ്പോഴെല്ലാം പത്രോസിന്റെ ആ സങ്കടം നമ്മുടെ ഹൃദയത്തിലും ഒരു വിറയൽ പടർത്തും. പത്രോസെ എന്നല്ല, ശിമയോനെ എന്നാണ് ഈശോ വിളിക്കുന്നത്. ആരിടറിയാലും ഞാനിടറില്ലെന്ന് ചങ്കുറപ്പോടെ പറഞ്ഞവൻ മൂന്നു തവണ തള്ളി പറഞ്ഞപ്പോൾ ഈശോ നോക്കിയ നോട്ടം അതയാളുടെ ഹൃദയത്തിൽ ചാപ്പ പോലെ പതിഞ്ഞിരുന്നു. ഉത്ഥിതനെ, അവന്റെ മുറിവുകളെ ഒക്കെ കാണുമ്പോൾ പത്രോസ് ആ നിമിഷങ്ങളിലൂടെ പലയാവർത്തി കടന്നു പോയിട്ടുമുണ്ടാവാം, അപ്പോളാണ് ഈശോ പത്രോസിനോട് വീണ്ടും ആ ചോദ്യം ചോദിക്കുന്നത്, സ്നേഹിക്കുന്നുണ്ടോ നീയെന്നെ? എന്റെ ആടുകളെ മേയ്ക്കാനുള്ള നിന്റെ യോഗ്യത നിനക്കെന്നോടുള്ള സ്നേഹത്തിലെ ഉറപ്പാണ്. ക്രിസ്തുവിന്റെ സഭയെ നയിക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന ഇടയന് ആദ്യമുണ്ടായിരിക്കേണ്ട ഗുണം മറ്റെന്തൊക്കെ ദൗർബല്യങ്ങളുണ്ടെങ്കിലും ഈശോയോട് അടങ്ങാത്ത സ്നേഹമുണ്ടായിരിക്കുക എന്നത് മാത്രമാണ്. സുവിശേഷം സ്നേഹത്തിൽ അധിഷ്ഠിതമാണ്. ആടുകൾക്കു വേണ്ടി ജീവൻ ത്യജിക്കാൻ കഴിയുന്ന ഇടയനെ പിൻചെല്ലാനുള്ള വിളിയാണ്, പുതിയ ഇസ്രായേലായ സഭയെ നയിക്കുന്നവരിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത്.

ഇടയന്റെ ദൗത്യം നൽകപ്പെട്ട ശിമയോനോട് ഈശോ പറയുന്നുണ്ട്, നിന്റെ സ്വന്തം ഇഷ്ടപ്രകാരമുള്ള ജീവിതമല്ല അജപാലകദൗത്യത്തിൽ കാത്തിരിക്കുന്നത്, വിധയേപ്പെടലുകളുടേയും ഒത്തുതീർപ്പുകളുടേയും ഒരു നീണ്ട പട്ടിക തന്നെയുണ്ട് ഇടയൻമാരുടെ ജീവിതത്തിന്. ക്രിസ്തുവിന്റെ സഭയുടെ ഇടയൻമാർ ദൈവജനത്തിന്റെ പിൻപേ നടക്കുന്നവരും, സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കുന്നവരുമാകണം. തള്ളിപ്പറഞ്ഞവനെ, എല്ലാം തികഞ്ഞവനല്ലാത്തവനെ നേതാവാക്കുന്ന ദൈവത്തിന്റെ ലോജിക്കിൽ, അവിടുത്തെ പദ്ധതികളിൽ വിശ്വാസമർപ്പിക്കാനുമുള്ള ഉത്തരവാദിത്തം ദൈവജനത്തിമുണ്ട്. ആടുകളെ പോലെ ദൈവമേൽപിച്ച ഇടയൻമാരെ അനുസരിക്കുന്നിടത്താണ് സമൂഹമെന്ന നിലയിൽ നമ്മുടെ നിലനിൽപ്.

ഇടയദൗത്യം ആവശ്യപ്പെടുന്ന വെല്ലുവിളികൾ

ഇനി പുറപ്പാട് പുസ്തകത്തിലെ മോശയുടെ വിളിയിലേക്ക് നോക്കാം, മോശ രാജകുമാരനായി ജീവിച്ചയാളാണ്, ഈജിപ്തുകാരനെ കൊലപ്പെടുത്തിയിട്ട് അവിടെനിന്നും മിദിയാനിലേക്ക് ഒളിച്ചോടി വന്ന മോശ ജത്രോയുടെ ആടുകളെ മേയ്ച്ചു നടക്കുന്നതിനിടെയാണ് മുൾപ്പടർപ്പിൽ ദൈവത്തെ കണ്ടുമുട്ടുന്നത്. ഒരു ജീവനെടുത്തതിന്റെ കുറ്റബോധം, ഒളിച്ചോടേണ്ടി വന്നവന്റെ നിസഹായത, ഇതിനെല്ലാമിടയിൽ മരുഭൂമിയിൽ അയാൾ ആടുകളെ നയിച്ചു നടന്നു. അവയെ പരിപാലിച്ചു. സ്വന്തം അല്ലലുകൾക്കെല്ലാം ഉപരിയായിരുന്നു അയാളുടെ ദൗത്യത്തോടുള്ള ആത്മാർഥത. മൺപാത്രത്തിലെ നിധിപോലെയാണ് ദൈവീകദൗത്യങ്ങളും. നന്മയുടെ നിറകുടങ്ങളെയല്ല, ദുർബലനും ദുർഭഗനുമായ മനുഷ്യന്റെ ഉള്ളിലെ ഇത്തിരി വെട്ടത്തെയാണ് ദൈവത്തിന് കൂടുതൽ പ്രിയം

ഏതു ജനത്തെ രക്ഷിക്കാൻ ദൈവം മോശയെ വിളിക്കുന്നോ, ആ ജനം അയാളെ അവർക്കായി അയാൾ ചെയ്ത കൊലപാതകത്തിന്റെ പേരിൽ നിർദയം അധിക്ഷേപിച്ചവരാണ്. മോശയ്ക്ക് തന്റെ ജനത്തോടുള്ള സ്നേഹം അയാളെ അവരുടെ നേതാവാക്കി. പത്രോസിൽ നിന്ന് ദൈവസ്നേഹം പ്രതീക്ഷിച്ച കർത്താവ് പഴയനിയമത്തിലെ മോശയിൽ നിന്ന് പ്രതീക്ഷിക്കുന്നത് ദൈവജനത്തോടുള്ള കറതീർന്ന സ്നേഹമാണ്. കുരിശുപോലെ ലംബവും തിരശ്ചീനവുമായിരിക്കണം ദൈവജനത്തിന്റെ നേതാക്കൻമാരുടെ

സ്നേഹം. ദൈവത്തെയും മനുഷ്യരേയും ചേർത്തുപിടിക്കാത്തൊരാൾക്ക് എങ്ങനെ ക്രിസ്തുവിനെ മറ്റുള്ളവർക്ക് നൽകാനാകും. മോശയുടെ ദൗത്യം ഒരിക്കലും എളുപ്പമായിരുന്നില്ല. ശക്തനായ ഫറവോയേയും ഏത് ജനത്തെ സംരക്ഷിക്കാൻ ഇറക്കിപ്പുറപ്പെട്ടോ അവരേയും മോശക്ക് നേരിടേണ്ടിവന്നു. പിൻപേ നടന്നു. ദൈവത്തിന്റെ സ്വന്തം ജനത്തിനായി ദൈവത്തിന്റെ ക്രോധം ഏറ്റുവാങ്ങി, എല്ലാറ്റിനുമൊടുവിൽ ഒരു വീൺവാക്കിന്റെ പേരിൽ വാഗ്ദത്തദേശത്ത് കാലുകുത്താൻ പോലുമാകാതെ പോയി. ദൈവീകദൗത്യങ്ങൾ ആവശ്യപ്പെടുന്ന ത്യാഗങ്ങൾ ചെറുതല്ല. പക്ഷെ അവനെ പിൻചെല്ലാൻ തീരുമാനിക്കുന്ന നിമിഷം നാം സ്വന്തമാക്കുന്നത് മറ്റാർക്കും ലഭിക്കാത്ത ഒരു സ്നേഹിതനെയാണ്. വേദഗ്രന്ഥം പറയുന്നു, ദൈവം മോശയോട് സ്നേഹിതനോടെന്ന പോലെ സംസാരിച്ചിരുന്നു എന്ന്. ഇടയൻ ദൈവത്തോട് നിരന്തരം സംവദിക്കുന്നവനാകണം. ഇടയന്റെ മൊഴികൾ ദൈവത്തിന്റേതുമാകണം.

അജപാലനം അധികാരമല്ല ശുശ്രൂഷയാണ്

എന്തിനു വേണ്ടിയാണ് ദൈവം അപ്പോസ്തലൻമാരും പ്രവാചകൻമാരും ഇടയൻമാരും, പ്രബോധകൻമാരുമാകാൻ ചിലരെ തിരഞ്ഞെടുക്കുന്നതെന്ന് സഭയെ പൗലോസ് ശ്ലീഹാ എഫോസോസുകാർക്കെഴുതിയ ലേഖനത്തിലൂടെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ സഭയെ പണിതുയർത്താനും ശുശ്രൂഷിക്കാനുമാണ് ക്രിസ്തുവിന്റെ സഭയിലെ നേതാക്കാൻമാരുടെ വിളി. നമ്മളിന്നങ്ങനെയാണോ എന്ന ചോദ്യത്തിന് ഉത്തരമില്ലെങ്കിൽ, ഇടയൻമാർക്ക് വടി അടിക്കാൻ കൂടിയുള്ളതാണെന്ന ധാരണ കൊണ്ടുനടക്കുകയും, ഞാൻ ശുശ്രൂഷിക്കപ്പെടേണ്ടവനും എല്ലാവരും എനിക്ക് വിധേയപ്പെടേണ്ടവനും ആണെന്ന ഗർവ്വം കാണിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, നഷ്ടപ്പെട്ട ആടുകളുടെ കണക്ക് കൊടുക്കാൻ വിധിയാളനു മുന്നിൽ നിൽക്കേണ്ടി വരും. പെസഹാക്കാലത്ത് കാൽകഴുകുന്നതിൽ മാത്രം ഒതുങ്ങിപ്പോകരുത് നമ്മുടെ ശുശ്രൂഷാപൗരോഹിത്യ ദൗത്യം. ആടുകളെ അടിച്ചാൽ അവ ചിതറിപ്പോകുമെന്നറിയാത്ത ഒരിടയനും ക്രിസ്തുവിൽ നിന്നുള്ളവനല്ല. വെല്ലുവിളികളില്ലാതെയല്ല മോശ ഇസ്രായേൽ ജനത്തെ നയിച്ചത്. അയാളെ ജനം നിന്ദിച്ചിട്ടുണ്ട്, അവിശ്വസിച്ചിട്ടുണ്ട്, പക്ഷെ മോശ എപ്പോഴും ജനത്തിനുവേണ്ടി ദൈവത്തിനു മുന്നിൽ നിന്നു. നേതാവും പുരോഹിതനും എങ്ങനെയായിരിക്കണമെന്ന് മുൻപേ നടന്നവനാണ് മോശ. അസാധാരണമായ സ്നേഹത്തോടെ ദൈവത്തോടും മനുഷ്യരോടും വർത്തിക്കുന്നിടത്താണ് ഇടയൻമാരുടെ ദൗത്യം സഫലമാകുന്നത്

ഇടയനിടറിയാലും ഇടറാത്ത ദൈവം

ഇടയൻമാർ തങ്ങളുടെ ദൗത്യം മറക്കുകയും ആട്ടിൻകൂട്ടത്തിൽ ദുർബലമായവ ഞെരുക്കപ്പെടുകയും ചെയ്താലും ദൈവം തന്റെ അചഞ്ചലമായ വിശ്വസ്തതയാൽ ദൈവജനത്തെ വഴിനടത്തുകയും അവർക്കായി പുതിയ ഇടയൻമാരെ നിയോഗിക്കുകയും ചെയ്യുമെന്ന വലിയ വാഗ്ദാനമാണ് എസെക്കിയേൽ പ്രവചാകന്റെ പുസ്തകം മുപ്പത്തിനാലാമധ്യായം 20-26 വരെയുള്ള വാക്യങ്ങളിലൂടെ വേദഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത്. ക്രിസ്തുവിന്റെ സഭയെ ദുർബലപ്പെടുത്തുന്ന എല്ലാറ്റിനേയും അവിടുന്ന് നിർമാർജനം ചെയ്യും. ആടുകളെ അവരുടെ ഗുണഗങ്ങളിലൂന്നി മാത്രം സ്നേഹിക്കുന്ന ഇടയൻമാരെ അവിടുന്ന് മാറ്റുകയും ദാവീദിനെ പോലെ വിശ്വസ്തനായ ഇടയന്റെ സംരക്ഷണമൊരുക്കി ദൈവജനത്തിന്റെ എല്ലാ ദുരിതങ്ങളും ഭയങ്ങളും അകറ്റുകയും ചെയ്യും. ഇടയൻമാർ ദൗത്യം മറന്നാലും ദൈവം തന്റെ സഭയെ കൈവിടുകയില്ല. ഇടയൻമാർ മോശമാണെന്ന് പ്രലപിച്ച് സഭയെ ഉപേക്ഷിക്കുകയല്ല മറിച്ച് നാം ക്രിസ്തുവിന്റേതാണെന്നും അവിടുന്ന് വിശ്വസ്തനാണെന്നുമുള്ള ബോധ്യത്തിൽ മുന്നേറുകയും ഇടയൻമാർക്കും ദൈവജനത്തിനും വേണ്ടി അവിരാമം പ്രാർത്ഥിക്കുകയും ചെയ്യുകയാണ് അജഗണമെന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തം.

ലിയോ പാപ്പായെ ഈ കഴിഞ്ഞ ദിവസങ്ങളിലെല്ലാം കേട്ടപ്പോൾ ഉള്ളിൽ തോന്നിയൊരു സന്തോഷം അതായിരുന്നു, പത്രോസിന്റെ പിൻഗാമി ഇതാ സുവിശേഷത്തിന്റെ, സ്നേഹത്തിന്റെ ഭാഷയിൽ ട്രംപിന്റെ ഭീഷണികളോട് പ്രതികരിക്കുന്നു. ക്രൈസ്തവന്റെ സമീപനമെന്തായിരിക്കണമെന്ന് ദൈവജനത്തിന് വഴി കാട്ടുന്നു. അപരവിദ്വേഷം നമ്മുടെ സുവിശേഷമൂല്യങ്ങളെ വികലമാക്കാതിരിക്കട്ടെ. നമുക്ക് ചുറ്റും സുവിശേഷമൂല്യങ്ങൾക്ക് വിരുദ്ധമായ വെറുപ്പിന്റെ ഭാഷ ഉയർന്നു കേട്ടപ്പോൾ, കൊല്ലപ്പെടുന്ന നിസഹായരെ പോലും അവരുടെ മതത്തിന്റെ പേരിൽ വിലയിരുത്തുന്നത് കണ്ടപ്പോൾ ഉള്ളിലുയർന്ന നീറ്റലിൽ മരുന്നു വച്ചുകെട്ടി വലിയ ഇടയൻ. ദൈവമേ, ഞെരുക്കപ്പെടുമ്പോഴും പ്രത്യാശിക്കാനൊന്നുമില്ലാത്തപ്പോഴും ഈ ചെറിയ അജഗണം അങ്ങൊരുക്കുന്ന നീർച്ചാലുകളിലേക്ക് നയിക്കപ്പെടുമെന്നും, അങ്ങയക്കുന്ന ശിമയോനും മോശയും ഞങ്ങളെ പോലെ കുറവുള്ള മനുഷ്യരാണെങ്കിലും അവരെ നയിക്കുന്നതങ്ങാണെന്നും വിശ്വസിക്കാൻ കൃപ തരണേ എന്നാണ് പ്രാർത്ഥന.

(മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമാണു ലേഖിക.)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com